ഇന്നും വരൾച്ചയാണ്. കയ്യാച്ചു്മെൻറ് ഏരിയായിൽ ഡിഫോറസ്ട്രേഷൻ മൂലമുണ്ടാകുന്ന മണ്ണൊലിപ്പും മറ്റും തടയാൻ നടപടികളില്ല. വളരെയധികം ജലസേചനപദ്ധതികളുണ്ടെങ്കിലും ഇന്നും വരൾച്ച ബാധിത പ്രദേശമായി മാറിയിരിക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ പ്രത്യേകിച്ചും കാർഷികമേഖല എന്നുള്ളനിലക്കും നെല്ലുൽപ്പാദനത്തിന്റെ ഏറ്റവും നല്ലകേന്ദ്രം എന്നുള്ളനിലക്കും അവിടത്തെ പദ്ധതികളെ ഫലപ്രദമാക്കണം. ഈ ഡാമുകളുടെ കുറവ് എന്തെന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കുന്നുള്ള പ്രത്യേക സംവിധാനമുണ്ടാക്കണം, മലമ്പുഴയിൽ ഒരു കമ്മിറ്റി ഉണ്ടാക്കി എന്നാണ് അറിഞ്ഞത്. ഈ കമ്മിറ്റിയുടെ കാലാവധി ആറോ എട്ടോ മാസമാണ്. തുടർച്ചയായി നടത്തേണ്ട ഒരു പ്രവർത്തനത്തിന് ആവശ്യമായ പണമോ അതിനുള്ള അധികാരമോ ഇല്ലാത്തതുകൊണ്ട് അന്ന് ആരംഭിച്ച പ്രവർത്തനങ്ങൾ തന്നെ തടസ്സപ്പെട്ട സ്ഥിതിയാണ് ഇന്നുള്ളത്. കുറിയാടി പദ്ധതിക്ക് ലീക്കുണ്ടെന്നും കെട്ടുറപ്പ് പോരായെന്നുമുള്ള ആക്ഷേപങ്ങൾ പരസ്യമായി വന്നിട്ടുണ്ട്. ഇത് ശക്തിപ്പെടുത്തേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് തീർച്ചയായിട്ടും ഈ ഗവൺമെൻറ് ആലോചിക്കണം. ഇത് പരിഹരിക്കുന്നതിന് യാതൊരു പദ്ധതിയുമില്ല. കുരിയാർകുറ്റി പദ്ധതി അടച്ചുപൂട്ടാനും രണ്ടു ലക്ഷം രൂപയാണ്; വളപട്ടണം പദ്ധതി നടപ്പിലാക്കാനും രണ്ടു ലക്ഷം രൂപയാണ് ഈ ബഡ്ജറ്റ് അലോട്ടുമെൻറിന്റെ പ്രത്യേകത. ഈ ഗവൺമെൻറ് ഈ രംഗത്ത് ഒരു കാര്യവും ചെയ്യുമെന്നുള്ള ഒരു പ്രതീക്ഷയ്ക്കും വകനൽകാത്തതാണ് ഈ ബഡ്ജറ്റിൽ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ. അതുകൊണ്ട് ഞാൻ ഈ നിർദ്ദേശങ്ങളെ ശക്തിയുക്തം എതിർക്കുന്നു.

പ്രോട്ടോക്കോളിൽ വ്യതിയാനം വരുത്തിയതുസംബന്ധിച്ച പ്രസ്താവന

ശ്രീ. ഇ. കെ. നായനാർ: സർ, ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഒരു കാര്യം ഉന്നയിക്കുകയാണ്. സംസ്ഥാന പൊതുമരാമത്തുവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ടി. ബി. കം, റസ്റ്റ് ഹൗസുകൾ, ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ, ക്യാമ്പ് ഷെഡ്ഡുകൾ എന്നിവിടങ്ങളിൽ താമസസൗകര്യം നൽകുന്നതു സംബന്ധിച്ച മുൻഗണനാക്രമം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള ഒരു ഓർഡർ, 1984-ലെ ഓർഡറിൽനിന്നും മൗലികമായി വ്യത്യാസം വരുത്തിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഓർഡറിൽ റസ്റ്റ് ഹൗസുകൾ, ടി. ബി, ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ എന്നിവയിൽ താമസസൗകര്യം കൊടുക്കുന്നതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള Order of Precedence ഫലത്തിൽ പാർലമെൻറ് അംഗങ്ങളേയും നിയമസഭാംഗങ്ങളേയും തരംതാഴ്ത്തിയിരിക്കുന്ന തരത്തിലുള്ളതാണ്. പുതുക്കിയ ഉത്തരവിൻപ്രകാരം ഒൻപതാമത്തെ കാറഗറിയിൽ മാത്രമേ എം. പി. മാരും എം. എൽ. എ. മാരും പെടുകയുള്ളു. മാത്രമല്ല ജില്ലാ കളക്ടർ വകുപ്പുതലവൻമാർ തുടങ്ങിയുള്ള ഉദ്യോഗസ്ഥൻമാരുടെയും താഴെയുള്ള സ്ഥാനത്താണ് എം. പി. മാർക്കും എം. എൽ. എ. മാർക്കും സൗകര്യം നൽകിയിട്ടുള്ളത്. ഏറ്റവും താഴെക്കിടയിൽപ്പെട്ടിട്ടുള്ളതാണ് എം. എൽ. എ. കാരണം അത് താഴ്ന്ന പണിയാണ്. ജനങ്ങളുടെ ഇടയിൽ നിയമസഭാംഗങ്ങളെ ഇത്രയും അപഹാസ്യരാക്കുന്ന തരത്തിലുള്ള ഒരു തരം താഴ്ത്തൽ നടപടിയും

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവും കേരളചരിത്രത്തിൽ ഇതിനുമുമ്പ് വന്നിട്ടില്ല. തീർച്ചയായിട്ടും ഇത് മുഖ്യമന്ത്രി അംഗീകരിച്ചു പുറപ്പെടുവിച്ചതാണോ? ആര് അംഗീകരിച്ചു എന്നുള്ളതല്ല പ്രശ്നം. ഇത് സർക്കാരിന്റെ കൽപ്പനയായിട്ട് വന്നിരിക്കുകയാണ്. അപ്പോഴും മുഖ്യമന്ത്രിയടക്കം എല്ലാവരും ഇതിൽ ഉൾപ്പെടും. മുമ്പത്തെ മുൻഗണനാക്രമം എടുക്കാം. അതിൽ ക്യാബിനറ്റ് മിനിസ്റ്റേഴ്സും യൂണിയൻ മിനിസ്റ്റേഴ്സും കഴിഞ്ഞാൽ ജനറൽ പ്രോട്ടോക്കോൾ അനുസരിച്ച് താഴെ പറയും പ്രകാരമാണ്.

Cabinet Ministers of State Government,
Chief Government Whip.
Deputy Ministers of Union.
Leader of Opposition,
Mayor,
Judges of the High Court
Members of the Public Men (Prev ntion of Corruption Commission)
Deputy Speaker,
Members of the Legislative Assembly.

അതുകഴിഞ്ഞാണ് ചീഫ് സെക്രട്ടറിയും കളക്ടർമാരും വരുന്നത്. പുതിയ ഓർഡർപ്രകാരം ചീഫ് സെക്രട്ടറിയും കളക്ടറും ഒക്കെ കഴിഞ്ഞാണ് എം. എൽ. എ. മാരും എം. പി. മാരും വരുന്നത്. അവിടെയാണ് ഈ ഗതികേട് കാണിക്കുന്നത്. ഇത് തലയ്ക്ക് ലക്കില്ലാത്ത ഏത് ആളാണ് പുറപ്പെടുവിച്ചത്?

പ്രോട്ടോക്കോൾ അനുസരിച്ച്

21 (a) Members of Parliamant.
21 (b) Members of Legislative Assembly.
23 Chief Secretary.
25 Advocate General.
27 Public Service Commission.
28 Collectors, D. I. G.

എന്നിങ്ങനെയാണ്. പ്രോട്ടോക്കോളിൽ 21 (എ), 21 (ബി), എന്നിങ്ങനെ നൽകിയിട്ടുള്ള എം. പി. യുടേയും, എം. എൽ. എ. യുടേയും സ്ഥാനം പുതിയ ഓർഡർ പ്രകാരം 28-ഉം 30-ഉം ആയി തരം താഴ്ത്തിയിരിക്കുകയാണ്. അതിന് മുകളിലാണ് കളക്ടറും ഐ. ജി.യും ഡി. ഐ. ജി.യും എല്ലാം വരുന്നത്. പുതിയ ഓർഡർ പ്രകാരം എം. എൽ. എ. മാർക്ക് ടെലഫോൺ സൗകര്യമില്ല. വി. ഐ. പി. കൾക്ക് മാത്രമേയുള്ളു. ഒപ്പോസിഷൻ ലീഡറോ ക്യാബിനറ്റ് മിനിസ്റ്റേഴ്സോ കഴിഞ്ഞാൽ പിന്നെ ഫോണില്ല. ഇത്തരത്തിൽ ഓർഡർ ഇഷ്യൂ ചെയ്തതിന്റെ ഉത്തരവാദിത്വം ആർക്കാണ്. ഗൗരവമായി ഇതേക്കുറിച്ച് ആലോചിച്ച് ആവശ്യമായ ശിക്ഷ കൊടുക്കണം. ഇത് പിൻവലിക്കണം. ഈ ഓർഡർ പിൻവലിച്ചുകൊണ്ട് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന തരത്തിലുള്ള സമീപനം സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly